# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ -610 — 24.05.2017 ൽ മറുപടിയ്ക്ക്

## ഇതര സംസ്ഥാന തൊഴിലാളികളെക്കുറിച്ചുള്ള വിവരശേഖരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ശ്രീ.എസ്.ശർമ്മ<br>ശ്രീ. പി.കെ. ശശി<br>ശ്രീ. ഡി.കെ. മുരളി<br>ശ്രീ. എം. നൗഷാദ് | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

(എ) ഇതര സംസ്ഥാന തൊഴിലാളികൾ പ്രതികളായുള്ള കൊലപാതകം, മോഷണം തുടങ്ങിയ കുറ്റകൃത്യങ്ങൾ നാൾക്കനാൾ വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ പക്കൽ കണക്കുകൾ ലഭ്യമാണോ;

(എ) 2014, 2015, 2016 എന്നീ വർഷങ്ങളിൽ ഇതര സംസ്ഥാന തൊഴിലാളികൾ പ്രതികളാ കുറ്റകൃത്യങ്ങളുടെ നിരക്ക് താരതമ്യം ചെയ്യുമ്പോൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊലപാതക കേസുകൾ, മോഷണം എന്നിവ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഇതര സംസ്ഥാന തൊഴിലാളികൾ പ്രതികളായിട്ടുള്ള മറ്റ് കുറ്റകൃത്യങ്ങൾ നേരിയതോതിൽ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ചുള്ള സ്റ്റേറ്റ് ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ കണക്ക് ചുവടെ ചേർക്കുന്നു.

| Year | കൊലപാതക കേസുകൾ | മോഷണം (HB Day & Night Theft Cases and Ordinary Theft Cases) | മറ്റ് കേസുകൾ | TOTAL |
|---|---|---|---|---|
| 2014 | 20 | 128 | 296 | 444 |
| 2015 | 22 | 133 | 439 | 594 |
| 2016 | 21 | 135 | 509 | 665 |
| 2017 (up to May 15) | 6 | 51 | 210 | 267 |

(ബി) ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണത്തിനായി ആരംഭിച്ച ഇ-രേഖ എന്ന സോഫ്റ്റ് വെയറും ഇതു സംബന്ധിച്ച തുടർ പ്രവർത്തനങ്ങളും ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണത്തിനായി ആരംഭിച്ച ഇ-രേഖ എന്ന സോഫ്റ്റ് വെയറിന്റെ പ്രവർത്തനം അതിന്റെ പ്രാരംഭഘട്ടത്തിലാണ്. ഇത് പ്രാവർത്തികമാക്കുന്നതിനുവേണ്ടി പോലീസുദ്യോഗസ്ഥർക്ക് യോജിച്ച പരിശീലനം നൽകി വരുന്നു. സംസ്ഥാനത്തെ 19 പോലീസ് ജില്ലകളിൽ 9 എണ്ണത്തിൽ പ്രസ്തുത ഇ-രേഖ ഉപയോഗിച്ചുള്ള വിവര ശേഖരണം നടന്നു വരികയാണ്. ബാക്കി 10 പോലീസ് ജില്ലകളിൽ വിവര ശേഖരണം പ്രാരംഭ ഘട്ടത്തിലാണ്. ഇതിന്റെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.

(സി) ഇതിനായി ചുമതലപ്പെടുത്തിയ റൂറൽ-സിറ്റി പോലീസ് സ്റ്റേഷനുകൾ, സ്പെഷ്യൽ ബ്രാഞ്ച്, ക്രൈം റിക്കാർഡ്സ് ബ്യൂറോ എന്നീ വിഭാഗങ്ങൾ നാളിതുവരെ നടത്തിയ പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ;

(സി) ഇ-രേഖയുടെ പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി പോലീസ് സ്റ്റേഷനുകൾ, സ്പെഷ്യൽ ബ്രാഞ്ച് എന്നിവിടങ്ങളിലെ പോലീസ് ഉദ്യോഗസ്ഥർക്ക് ഇ-രേഖ മൊബൈൽ ആപ്ലിക്കേഷൻ സംബന്ധിച്ച് പരിശീലനം നൽകുകയും ആയത് ജില്ലാ ക്രൈം റിക്കാർഡ്സ് ബ്യൂറോ മേൽ നോട്ടം വഹിക്കുകയും ചെയ്തു വരുന്നു. പ്രസ്തുത ആപ്ലിക്കേഷൻ മുഖാന്തിരം 9 പോലീസ് ജില്ലകളിൽ പ്രവർത്തനം ആരംഭിക്കുകയും 10 പോലീസ് ജില്ലകളിൽ വിവരശേഖരണം ആരംഭിക്കുന്നതിനുള്ള നടപടികൾ പ്രാരംഭഘട്ടത്തിലുമാണ്.

(ഡി) ഇ-രേഖയുടെ ഭാഗമായി ലേബർ ക്യാമ്പുകൾ, ക്ഷേമനിധി ഓഫീസുകൾ, ആരോഗ്യ വകുപ്പ് എന്നിവയിൽ നിന്നും കരാറുകാരിൽ നിന്നുമുള്ള കണക്കുകൾ ആഭ്യന്തര വകുപ്പ് ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

(ഡി) ഇ-രേഖയുടെ ഭാഗമായി 26553 ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരം ശേഖരിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ.

# വിശദീകരണകുറിപ്പ്

കേരള നിർമാണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കീഴിൽ ഇതര സംസ്ഥാന തൊഴിലാളികളെ രജിസ്റ്റർ ചെയ്യുന്നതിലേക്കായി "കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി 2010" എന്ന പേരിൽ ഒരു പദ്ധതി സർക്കാർ രൂപീകരിച്ചെങ്കിലും ഇതര സംസ്ഥാന തൊഴിലാളികൾ പ്രസ്തുത പദ്ധതിയിൽ രജിസ്റ്റർ ചെയ്യേണ്ടത് നിർബന്ധമാണെന്ന് നിയമം മൂലം നിഷ്കർഷിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത പദ്ധതിയുടെ കീഴിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന തൊഴിലാളികളുടെ എണ്ണം പരിമിതമായാണ് കാണപ്പെടുന്നത്. വിവിധ തൊഴിലുകളിൽ ഉൾപ്പെട്ടിരിക്കുന്ന എല്ലാ ഇതര സംസ്ഥാന തൊഴിലാളികളെയും ഇന്ത്യൻ നിയമ വ്യവസ്ഥയ്ക്ക് വിധേയമായി നിർബന്ധമായും രജിസ്റ്റർ ചെയ്യുന്നതിലേക്ക് സർക്കാർ തലത്തിൽ നിയമം നടപ്പിലാക്കേണ്ടത് അനിവാര്യവും ഇതര സംസ്ഥാന തൊഴിലാളികളുടെ തൊഴിൽ സുരക്ഷയ്ക്കും ഗുണകരമാകുമെന്ന് കരുതപ്പെടുന്നു. സംസ്ഥാന പോലീസ് മേധാവിയുടെ എക്സിക്യൂട്ടീവ് ഡയറക്ടീവ് 13/2009 പ്രകാരം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന തൊഴിലാളികളുടെ എണ്ണവും പരിമിതമായാണ് കാണപ്പെടുന്നത്. ഇവരെ സംബന്ധിച്ചുള്ള പൂർണ്ണമായ വിവരം ശേഖരിക്കാൻ കഴിയാത്തതുമൂലം ഇവർ ഉൾപ്പെടുന്ന അക്രമ പ്രവർത്തനങ്ങളിലും കുറ്റകൃത്യങ്ങളിലും കുറ്റവാളികളെ യഥാസമയം നിയമത്തിനു മുമ്പിൽ കൊണ്ടുവരാൻ പ്രയാസം നേരിടുന്നുണ്ട്.